# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 20, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തിര പ്രമേയം

മുത്തങ്ങയിലെ  വന്യജീവി സങ്കേതത്തിലുണ്ടായ പോലീസ് വെടിവയ്പ്

**മി. സ്പീക്കർ**: വയനാട് ജില്ലയിലെ മുത്തങ്ങയിൽ ഇന്നലെ പോലീസും ആദിവാസികളും  തമ്മിൽ ഏറ്റുമുട്ടിയതിന്റെ ഫലമായുണ്ടായ വെടിവെയ്പിലും ലാത്തിച്ചാർജിലും 4 ആദിവാസികളും ഒരു പോലീസുകാരനും മരിച്ചതായി വിവരം പുറത്തുവന്നിരിക്കുന്നു.  നൂറോളംപേർ സാരമായ പരിക്കുകളോടെ വിവിധ ആശുപത്രികളിൽ ചികിത്സയിലുമാണ്.  ഭൂമി പ്രശ്നത്തിൽ സർക്കാർ സ്വീകരിച്ച അലംഭാവത്തെ തുടർന്ന് ഭൂമിയിൽ പ്രവേശിച്ച ആദിവാസികൾക്ക് നേരെ പോലീസ് നടത്തിയ അതിക്രൂരവും നിഷ്ഠൂരവുമായ ലാത്തിച്ചാർജ്ജും വെടിവെയ്പും ഉളവാക്കിയ അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.സി. ഷൺമുഖദാസ്, വി.സി. കബീർ, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ, ഡോ. കെ.സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രി (<u>ശ്രീ. എ.കെ. ആന്റണി</u>)** : അത്യന്തം നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഇന്നലെ മുത്തങ്ങയിൽ ഉണ്ടായതിനെത്തുടർന്ന് രണ്ട് മനുഷ്യജീവൻ നഷ്ടപ്പെടാനിടയായി. ആദിവാസി ഗോത്രസഭയുടെ ആഭിമുഖ്യത്തിൽ 2003 ജനുവരി 5–ാം തീയതി ഏകദേശം 800–ഓളം പ്രവർത്തകർ വയനാട്ടിലെ മുത്തങ്ങ വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ അതിക്രമിച്ച് കടന്ന് ആ പ്രദേശം പ്രത്യേക ഭരണാധികാര പ്രദേശമായി പ്രഖ്യാപിക്കുകയും പൊൻകുഴി, തകരപ്പാടി, അമ്പുകുത്തി എന്നീ സ്ഥലങ്ങളിൽ സെക്യൂരിറ്റി ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു. ഔദ്യോഗികാവശ്യങ്ങൾക്ക് വനപാലകർക്ക് വനത്തിനുള്ളിൽ കടക്കാൻ ഗോത്ര സഭയുടെ പാസ് വേണമെന്ന വ്യവസ്ഥയുണ്ടാക്കുകയും ഷെഡ്ഡുകൾ നിർമ്മിച്ച് അവർ താമസമാക്കുകയും ചെയ്തു. 2003 ഫെബ്രുവരി 17–ന് ഉച്ചയ്ക്ക് രണ്ടര മണിയോടുകൂടി അവർ കൈയേറി താമസിച്ചിരുന്ന സ്ഥലത്ത് തീപിടിത്തം ഉണ്ടായതിനെ തുടർന്ന് തീയണയ്ക്കാൻ വന്ന 3 ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും സഹായികളായി വന്ന 16 പേരേയും ജീപ്പ് ഡ്രൈവറേയും ഫോട്ടോഗ്രാഫറെയും ഗോത്ര സഭാ പ്രവർത്തകർ മാരകായുധങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തി ബന്ദികളാക്കി വനത്തിനുള്ളിലേക്ക് കൊണ്ടുപോയി. 18–2–2003–ന് ഉച്ചയോടെ ബന്ദികളാക്കിയവരെ വിട്ടയച്ചു. വനഭൂമി കയ്യേറിയ ഗോത്ര സഭാ പ്രവർത്തകരെ ഒഴിപ്പിക്കുന്നതിനായി ഒരു സ്കീം തയ്യാറാക്കി കല്പറ്റ, മാനന്തവാടി എന്നിവിടങ്ങളിലെ ഡിവൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സംഘം മുത്തങ്ങയിൽ എത്തിയപ്പോൾ സായുധരായ ഗോത്ര സഭാ പ്രവർത്തകർ പോലീസ് സംഘത്തെ ആക്രമിക്കുകയും ഒരു പോലീസുകാരനെ മഴുകൊണ്ട് മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയും വനിതാ പോലീസുകാരെ ആക്രമിക്കുകയും ചെയ്തു. കൂടാതെ ഒരു പോലീസുകാരനെയും ഒരു വനപാലകനെയും ബലമായി പിടിച്ചുകൊണ്ടുപോയി മർദ്ദിക്കുകയും ദേഹത്തും ചുറ്റുമുള്ള പുല്ലിലും മണ്ണെണ്ണ ഒഴിക്കുകയും തീ കൊളുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും പുല്ലിന് തീ കൊളുത്തുകയും ചെയ്തു. മറ്റ് രക്ഷാമാർഗ്ഗങ്ങളൊന്നുമില്ലാതെ വന്നപ്പോൾ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം സമാധാനപരമായി പിരിഞ്ഞുപോകാനാവശ്യപ്പെട്ടിട്ടും പിരിഞ്ഞു പോകാത്തതിനാൽ കണ്ണീർ വാതകം പ്രയോഗിക്കുകയും 15 റൗണ്ട് വെടിവയ്ക്കുകയും ചെയ്തു. ആദിവാസികൾ ബന്ദിയാക്കിയ ഒരു

പോലീസുകാരനും ഒരു ഗോത്ര സഭാ പ്രവർത്തകനും മരണപ്പെട്ടു. 13 പോലീസുകാർക്കും ഒരു വനപാലകനും 31 ആദിവാസി കൾക്കും പരിക്ക് പറ്റി. അവർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഈ സംഭവത്തിന്റെ പേരിൽ 6 കേസുകൾ രജിസ്റ്റർ ചെയ്ത് 33 പേരെ അറസ്റ്റ് ചെയ്യുകയും സുശക്തമായ പോലീസ് ബന്തവസ് ഏർപ്പെടുത്തി സമാധാനനില പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസികളുടെ പ്രശ്നങ്ങളോട് മാനുഷിക പരിഗണന നൽകി, ഒരു സർക്കാരും ചെയ്യാത്ത സൗമനസ്യമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇന്നലെ നടന്നതുപോലുള്ള സംഭവങ്ങൾ ഒരിക്കലും ആവർത്തിക്കാൻ അനുവദിക്കുകയില്ല. ആയുധ സമരങ്ങളും അക്രമങ്ങളും കേരളത്തിൽ വച്ചു പൊറുപ്പിക്കില്ല. ആദിവാസികളുടെ ഭൂമി വിതരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ത്തന്നെ പരിഹാരമുണ്ടാക്കും. അവിടെ സമാധാനനില പുനഃസ്ഥാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:** സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ആദിവാസികൾ വെടിയേറ്റ് മരിക്കുന്നത്. ഇന്നലെ സഭ നടന്നുകൊണ്ടി രിക്കുമ്പോൾ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടും അതിന്റെ യഥാർത്ഥ ചിത്രം സഭയുടെ മുന്നിൽ വെളിപ്പെടുത്താൻ മുഖ്യമന്ത്രി തയ്യാറാകാത്തത് വളരെ നിർഭാഗ്യകരമാണ്. ഈ സ്ഥലം സന്ദർശിക്കുന്നതിന് മുഖ്യമന്ത്രിയോ മറ്റ് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരോ പോയിട്ടില്ല. ആദിവാസി ഭൂസമരവുമായി ബന്ധപ്പെട്ട് 5 ഏക്കർ ഭൂമി വീതം 2002 ജനുവരി ഒന്നുമുതൽ വിതരണം ചെയ്യുമെന്നും 2002 ഡിസംബർ 31-നകം തന്നെ വിതരണം പൂർത്തിയാക്കുമെന്നും വിവിധ സംഘടനാ പ്രതിനിധികൾക്ക് മുഖ്യമന്ത്രി നൽകിയ ഉറപ്പ് ലംഘിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണം. ആദിവാസി ഭൂപ്രശ്നം പരിഹരിച്ചില്ലെങ്കിൽ വയനാട് കത്തിനശിക്കുമെന്നാണ് ഇന്നലെ ഉണ്ടായ സംഭവം തെളിയിക്കുന്നത്. ആദിവാസി സമരത്തോട് ഗവൺമെന്റും മന്ത്രിമാരും സ്വീകരിക്കുന്ന നിലപാട് കാരണം അദിവാസി ഗോത്രസഭയുടെ നേതൃത്വത്തിലേയ്ക്ക് തീവ്രവാദി വിഭാഗം വളർന്നുവന്നുകൊണ്ടിരി ക്കുന്നു. ജനുവരി മാസം 5-ാം തീയതി മുത്തങ്ങയിലെ വന്യജീവി സംരക്ഷണകേന്ദ്രം കൈയേറുമെന്ന് മുൻകൂട്ടി പ്രഖ്യാപിച്ചിരുന്നെങ്കിലും പോലീസ് യാതൊരു

മുൻകരുതലും സ്വീകരിച്ചില്ല. ഇതിന്റെ ഫലമായി ആയിരക്കണക്കിന് സമരക്കാർ ഈ വന്യജീവി സംരക്ഷണമേഖലയിലേയ്ക്ക് കടന്നുകയറുകയും, ആർക്കും അനുവാദം കൂടാതെ കടന്നുചെല്ലാൻ സാധിക്കാത്തവിധം ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും, ആളുകളെ ബന്ദിയാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. വയനാട്ടിൽ സമരക്കാരായ ആദിവാസികളോടൊപ്പം തീവ്രവാദികളും ക്യാമ്പ് ചെയ്യുന്നുവെന്ന് ഡി.ഐ.ജി. തന്നെ പ്രസ്താവിച്ചിരിക്കുന്നതിനാൽ അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം. ആദിവാസി പ്രശ്നം സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്യുമെന്നുള്ള പ്രഖ്യാപനം ഗവൺമെന്റ് പാലിക്കണം. ആദിവാസികളെ ഒഴിപ്പിക്കാൻ ഗവൺമെന്റ് ഇന്നലെ നടത്തിയ നീക്കം പരാജയപ്പെട്ടുവെന്നു മാത്രമല്ല, സംഘർഷമുണ്ടാക്കാൻ ശ്രമിക്കുന്ന തീവ്രവാദി സംഘങ്ങൾക്ക് പ്രതിരോധിക്കാനുള്ള സൗകര്യവും ഉണ്ടാക്കിക്കൊടുത്തു. തീവ്രവാദി വിഭാഗത്തെ ഒറ്റപ്പെടുത്താനും സമരക്കാർക്കെതിരായിട്ട് രംഗത്തു വന്ന ആളുകളുടെ പിൻബലം പ്രയോജനപ്പെടുത്താനും ഗവൺമെന്റിന് കഴിഞ്ഞില്ല. സമരക്കാർക്കെതിരായി രംഗത്ത് വന്ന ജനങ്ങളെ ലാത്തിച്ചാർജ്ജ് ചെയ്യുകയും അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്തു. ഇത്തരത്തിലൊരു നീക്കം നടത്താൻ ആരാണ് നിർദ്ദേശം കൊടുത്തതെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ഒരു വിഭാഗം തീവ്രവാദികൾ നടത്തിയ അക്രമത്തിന്റെ പേരിൽ പാവപ്പെട്ട സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ സംഭവത്തിൽ പ്രധാനനേതൃത്വം വഹിച്ചവരെ അറസ്റ്റ് ചെയ്യണം. ഗവൺമെന്റ് നൽകാമെന്ന് പറഞ്ഞ ഭൂമി കിട്ടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന സമരത്തെ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കരുത്. വെടിവെയ്പും ലാത്തിച്ചാർജ്ജും അവസാനിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണണം. അഞ്ച് ആളുകൾ മരിക്കാനിടയായ ഈ സംഭവത്തെത്തുടർന്ന് അത്യന്തം സംഘർഷഭരിതമായ സ്ഥിതിയാണ് വയനാട്ടിൽ നിലനിൽക്കുന്നത്. ഈ ഓപ്പറേഷന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണോ ഇത് ചെയ്തതെന്ന് വ്യക്തമാക്കാനും സംഭവത്തെക്കുറിച്ച് ജൂഡിഷ്യൽ അന്വേഷണം നടത്താനും ഗവൺമെന്റ് തയ്യാറാകണം. അത്യന്തം ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

**<u>മി. സ്പീക്കർ</u>**: ഈ വിഷയം സംബന്ധിച്ച് ശ്രീ. എൻ.ഡി. അപ്പച്ചനും സബ്മിഷൻ ഉന്നയിക്കാൻ ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന് രണ്ടു വാക്ക് സംസാരിക്കാവുന്നതാണ്.

**<u>ശ്രീ. എൻ. ഡി. അപ്പച്ചൻ</u>**: മുത്തങ്ങയിൽ നടന്നത് വളരെ നിർഭാഗ്യകരമായ സംഭവമാണ്. ഏതാനും ആഴ്ചകൾക്കു മുമ്പ് കാട്ടുതീ ഉണ്ടായപ്പോൾ അത് കെടുത്താൻ വേണ്ടി കാട്ടിലേക്കു പോയ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരേയും വാച്ചർമാരേയും ആദിവാസി ഗോത്ര മഹാസഭയുടെ നേതൃത്വത്തിലുള്ള ആളുകൾ ബന്ദികളാക്കി ദേഹോപദ്രവമേല്പി ക്കുകയും മൃഗീയമായി മർദ്ദിക്കുകയും ചെയ്തു. ഒരു വിഭാഗം ആളുകൾ നിയമം കൈയിലെടുത്തുകൊണ്ട് നിയമപാലകരെപ്പോലും കൊലപ്പെടുത്തിയ സംഭവം അവിടെ ഉണ്ടായിരിക്കുന്നു. ഭൂമി കൊടുക്കൽ ഉൾപ്പെടെ ആദിവാസികളുടെ പ്രശ്നങ്ങൾ ആത്മാർത്ഥമായി പരിഹരിക്കാനാണ് ഈ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു ചെറിയ വിഭാഗം ആദിവാസികൾ മാത്രമേ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് അവിടെയുള്ളു. സായുധ കലാപമുണ്ടാക്കി നാട്ടിൽ അരാജകത്വം സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ സംഭവം നടന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് കർശന നടപടികൾ കൈക്കൊള്ളണം

**മുഖ്യമന്ത്രി <u>(ശ്രീ എ.കെ. ആന്റണി)</u>:** ആദിവാസികളുടെ പ്രശ്നത്തിൽ സർക്കാർ അനിതരസാധാരണമായ സംയമനം പാലിച്ചു എന്നുള്ളത് വസ്തുതയാണ്. സമൂഹത്തിലെ ദുർബലരായ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഗവണ്മെന്റിന്റെ സമീപനത്തിന്റെ ഫലമായിട്ടാണ് അങ്ങനെ സംയമനം പാലിക്കപ്പെട്ടത്. 2001 ജനുവരിയിൽ മറയൂരിൽ 1747 ഏക്കർ ഭൂമി 843 കുടുംബങ്ങൾക്ക് വിതരണം ചെയ്തു. ആ ഭൂമിയിൽ കൃഷിയിറക്കാനും വീട് നിർമ്മിക്കാനും ശുദ്ധജലവിതരണം, ആശുപത്രി തുടങ്ങിയ സൗകര്യങ്ങളേർപ്പെടുത്തി ക്കൊണ്ട് അവരെ പുനരധിവസിപ്പിക്കാനുമായി 5.52 കോടി രൂപ ഇതിനകം ചെലവഴി ക്കുകയും ചെയ്തു. ആലപ്പുഴ, കൊല്ലം, വയനാട് തൃശ്ശൂർ കോഴിക്കോട്, ഇടുക്കി ജില്ലകളിലായി 1840 ഏക്കർ ഭൂമി

വിതരണം ചെയ്യാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ക്കഴിഞ്ഞു. ആറളം ഫാമിന്റെ പകുതിയും ചെറ്റച്ചൽ ഫാമിൽനിന്നും 32 ഏക്കറും കുര്യോട്ടുമലയിൽ നിന്നും 100 ഏക്കറും കണ്ണൂരിലെ ആലക്കോട് എസ്റ്റേറ്റിൽനിന്നും 1020 ഏക്കറും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽനിന്നും 463 ഏക്കറും ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. കഴിഞ്ഞവർഷം മുഴുവൻ സൗജന്യറേഷൻ നൽകാൻ കഴിഞ്ഞതോടെ പട്ടിണി മരണം ആദിവാസികളുടെയിടയിൽ അടഞ്ഞ അദ്ധ്യായമായി മാറി. ആദിവാസിമേഖലയിൽ സ്ഥിരമായി ഫുഡ് ഫോർ വർക്ക് പ്രോഗ്രാം ഏർപ്പെടുത്താൻ തീരുമാനമെടുക്കുകയും നിയമം റിലാക്സ് ചെയ്തുകൊണ്ട് അതിന്റെ വേജ് കണ്ടന്റ് ഏർപ്പെടുത്താനുള്ള അനുവാദം ലോക്കൽബോഡീസിന് നൽകുകയും ചെയ്തു. ആദിവാസിമേഖലയിൽ സ്പെഷ്യലായി മെഡിക്കൽ ടീമിനെ നിയമിച്ചു. ആവശ്യമെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽവരെ ഡോക്ടർമാരെ നിയമിക്കാൻ പറഞ്ഞിരിക്കുകയാണ്. സ്പെഷ്യൽ റിക്രൂട്ടുമെന്റുവഴി ചെറുപ്പക്കാരായ 300 ആദിവാസികളെ ഫോറസ്റ്റ് ഗാർഡുകളായി നിയമിക്കാൻ നടപടി സ്വീകരിക്കുകയും 120 പേർ ജോയിൻ ചെയ്യുകയും ചെയ്തു.. സമൂഹത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ആദിവാസികൾക്ക് ഭൂമി, വീട്, ഭക്ഷണം, വസ്ത്രം, തൊഴിൽ എന്നിവ നൽകാനുള്ള സർക്കാരിന്റെ ഉദാരമായ നടപടികൾക്കിടയിലാണ് നിർഭാഗ്യകരമായ ഈ സംഭവം ഉണ്ടായിരിക്കുന്നത്. ആദിവാസികളുടെ വനം കൈയേറ്റം തടയണമെന്നും അവരെ ഇറക്കിവിടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര അധികൃതരിൽനിന്നും കത്തുകൾ ലഭിച്ചിരുന്നു. മുത്തങ്ങയിലുള്ള മരങ്ങളും അടിക്കാടുകളും വെട്ടിമാറ്റി ചെക്കുപോസ്റ്റുകൾ ഏർപ്പെടുത്തി അവിടം അവരുടെ ഒരു സ്വതന്ത്ര പ്രദേശമാക്കി മാറ്റിയപ്പോൾ അവരെ അവിടെനിന്നും ഒഴിപ്പിക്കുന്നതിനുവേണ്ടി വനം വകുപ്പിലേയും മറ്റു ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥൻമാർ അവരുമായി നിരന്തരം ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ അവിടെ തീപിടിത്തമുണ്ടാ

യപ്പോൾ അത് കെടുത്താൻപോയ ഉദ്യോഗസ്ഥൻമാരെ അവർ ബന്ദികളാക്കുകയാണ് ചെയ്തത്. ഈ സർക്കാർ ആദിവാസികളുടെ

പ്രശ്നങ്ങളെ വളരെ മാനുഷികമായി കണ്ട് അവയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുകയാണ് ചെയ്തത്. ആദിവാസികൾക്ക് ഭൂമി നൽകുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഘട്ടംഘട്ടമായി ചെയ്തുകൊണ്ടിരിക്കുകയാണ്. അതേയവസരത്തിൽ അക്രമമുണ്ടാക്കാൻ ആര് ശ്രമിച്ചാലും അതിനെ അതിശക്തമായി ത്തന്നെ നേരിടുകയും ചെയ്യും. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി,എസ്. അച്ചുതാനന്ദൻ, കെ.പി. രാജേന്ദ്രൻ, ഡോ.എ.നീലലോഹിതദാസൻ നാടാർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൻമാർ പ്രസ്താവനകൾ നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ടു പുറത്തുപോയി. ഡോ.കെ.സി. ജോസഫ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നീ പ്രതിപക്ഷാംഗങ്ങളും പ്രസ്താവനകൾ നടത്തിയ ശേഷം സഭ വിട്ടു പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുള്ളിൽ സഭയിൽ വീണ്ടം ഹാജരായി.)

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**: പ്രതിപക്ഷത്തുനിന്നുള്ള എല്ലാ കക്ഷി നേതാക്കളും സംസാരിച്ചു കഴിഞ്ഞു. ഈ സംഭവത്തിന്റെ ഗൗരവം ഇവിടെ വ്യക്തമായി. അതിന്റെ അടിസ്ഥാനത്തിൽ ജുഡീഷൽ അന്വേഷണം നടത്തുമെന്നു പ്രഖ്യാപിക്കാൻ ഇനിയെങ്കിലും മുഖ്യമന്ത്രി തയ്യാറാകണം........ (ബഹളം)

**മി. സ്പീക്കർ:** ഇത് നടപടിക്രമങ്ങളിൽ ഉള്ളതല്ല. മുഖ്യമന്ത്രിക്ക് പറയാനുള്ളത് അദ്ദേഹം പറഞ്ഞുകഴിഞ്ഞു. പ്രതിപക്ഷാംഗങ്ങൾക്ക്

പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞല്ലോ. മുഖ്യമന്ത്രിയെ നിർബന്ധിച്ച് പറയിക്കാൻ നിങ്ങൾക്കും എനിക്കും അവകാശമില്ല.

(മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് കക്ഷിനേതാക്കൻമാർ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇറങ്ങിനിന്ന് മുദ്രാവാക്യം മുഴക്കി തുടർന്നുള്ള സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ശ്രദ്ധ ക്ഷണിക്കൽ**

(ഡോക്ടർ തോമസ് ഐസക് സീറ്റിൽ ഹാജരില്ലാതിരുന്നതിനാൽ അദ്ദേഹം നോട്ടീസ് നല്കിയിരുന്ന ശ്രദ്ധ ക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

<u>ക്ഷീരകർഷർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

**<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u>** കേരളത്തിലെ ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തണമെന്നാവശ്യപ്പെടുന്നു. കേരളത്തിലെ ലക്ഷക്കണക്കിന് ക്ഷീര കർഷകർ ഇന്ന് നിത്യദുരിതത്തിലാണ്. കന്നുകാലി വളർത്തൽ ഉപേക്ഷിക്കാൻ അവർ നിർബന്ധിതരായിരിക്കുന്നു. കുളമ്പുരോഗം പോലെ...............

(ബഹളം......................)

**<u>മി. സ്പീക്കർ</u>**: ഓർഡർ, ഓർഡർ.........ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ....... ശ്രദ്ധ ക്ഷണിക്കൽ അവസാനിപ്പിക്കണം.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടി രുന്നതിനാൽ കൃഷിയും കയറും വകുപ്പുമന്ത്രിയെ ശ്രദ്ധ ക്ഷണിക്കലിന് മറുപടി പറയാൻ ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ചില്ല)

## റിപ്പോർട്ട് സമർപ്പണം

(1) 2002-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2003-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ

സമർപ്പിക്കപ്പെട്ടു.

(4) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ പത്തൊമ്പതു മുതൽ ഇരുപത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാറാമത്
റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു..

## നിയമനിർമ്മാണകാര്യം

<u>2002-ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബില്ലിന്റെ അവതരണവും</u>
<u>സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ</u>):** 2002-ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബിൽ അവതരിപ്പിക്കുന്നു.

**<u>മി. സ്പീക്കർ</u>**: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ</u>):** 2002-ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIIIാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. ടി.എം. ജേക്കബ്</u>):** പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി ക്കൊണ്ടിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല; ബില്ലിൻമേൽ ചർച്ച ഉണ്ടായില്ല.)

2002–ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.35–ന് പിരിഞ്ഞു.

..........................................